**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5891** **16-03-2023 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിലെ സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാബ് സ്ഥാപിയ്ക്കുന്നതിന് ഹരിതകേരളം മിഷന്റെ ആവശ്യപ്രകാരം ഏഴര ലക്ഷം രൂപ എം.എൽ.എ.എസ്.ഡി.എഫ്-ൽ നിന്നും അനുവദിച്ച് പത്ത് മാസങ്ങൾക്ക് ശേഷവും ഭരണാനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ചവറ നിയോജക മണ്ഡലത്തിലെ 5 സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മാത്രമായി ടെൻഡർ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ KIIDC യുടെ അക്രഡിറ്റേഷൻ തത്സമയത്ത് പുതുക്കിയിട്ടില്ലാതിരുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും കേരള വാട്ടർ അതോറിറ്റി പദ്ധതിക്കായി 10,22,220/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു.<br><br>കേരള വാട്ടർ അതോറിറ്റി മുഖേന പദ്ധതി നടപ്പിലാക്കുവാനായി എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഏഴര ലക്ഷം രൂപയ്ക്കു പുറമെ 2,72,220/- രൂപയുടെ അധിക ആവശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5891 16.03.2023-ൽ മറുപടിയ്ക്ക്

## ചവറ മണ്ഡലത്തിലെ സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാമ്പ്

| ചോദ്യം<br>**ഡോ സുജിത് വിജയൻ പിള്ള** | | മറുപടി<br>**എം.ബി.രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ചവറ മണ്ഡലത്തിലെ സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാബ് സ്ഥാപിയ്ക്കുന്നതിന് ഹരിത കേരളം മിഷന്റെ ആവശ്യപ്രകാരം ഏഴര ലക്ഷം രൂപ എം.എൽ.എ.എസ്.ഡി.എഫ്-ൽ നിന്നും അനുവദിച്ച് പത്ത് മാസങ്ങൾക്ക് ശേഷവും ഭരണാനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ചവറ നിയോജക മണ്ഡലത്തിലെ 5 സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മാത്രമായി ടെൻഡർ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ KIIDC യുടെ അക്രഡിറ്റേഷൻ തത്സമയത്ത് പുതുക്കിയിട്ടില്ലാതിരുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും കേരള വാട്ടർ അതോറിറ്റി പദ്ധതിക്കായി 10,22,220/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു.<br><br>കേരള വാട്ടർ അതോറിറ്റി മുഖേന പദ്ധതി നടപ്പിലാക്കുവാനായി എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഏഴര ലക്ഷം രൂപയ്ക്കു പുറമെ 2,72,220/- രൂപയുടെ അധിക ആവശ്യമുണ്ട്. |

**M B RAJESH**
**MINISTER**